# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 23/02/2020

## വാൾ കൊണ്ട് വെട്ടികൊലപ്പെടുത്തുവാൻ ശ്രമിച്ച കേസിലെ പ്രതികൾ അറസ്റ്റിൽ

ചാത്തന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 20.02.2020 ൽ നടന്ന വധശ്രമക്കേസിലെ പ്രതികളെ ചാത്തന്നൂർ പോലീസ് അറസ്റ്റ് ചെയ്തു. ചാത്തന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ചേന്നമത്ത് ക്ഷേത്രത്തിലെ ഉത്സവത്തിനിടയിൽ ഏറം സി.ജെ നിവാസിൽ രതീഷിനെ മാരകായുധമായ വാൾ കൊണ്ട് വെട്ടിയും ഇരുമ്പ് പാര കൊണ്ടടിച്ചും കൊലപ്പെടുത്തുവാൻ ശ്രമിച്ച കേസിലെ പ്രതികളായ സുധിലാൽ, വിനേഷ്, ഷിജിൻ ദാസ് എന്നിവരിൽ ഒന്നാം പ്രതി മീനാട് മാമ്പള്ളിക്കുന്നം സരസ്വതി വിലാസത്തിൽ സുധിലാൽ(34), രണ്ടാം പ്രതി ചരുവിള പുത്തൻവീട്ടിൽ ചെല്ലു വിനേഷ് എന്ന് വിളിക്കുന്ന വിനേഷ്(38) എന്നിവരാണ് അറസ്റ്റിലായത്. ചാത്തന്നൂർ പോലീസ് ഇൻസ്പെക്ടർ ശ്രീ ജസ്റ്റിൻ ജോൺ, എസ്ഐമാരായ സരിൻ, റെനോക്സ്, ഹരിലാൽ, എ.എസ്.ഐ ബൈജു, സി.പി.ഒ മാരായ സുനിൽ, ദിനേശൻ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു.